ശ്രീ. ജോസഫ് ചാഴിക്കാട്ട് : കല്ലാർ പട്ടം കാളനിയിൽ 139 കുടുംബങ്ങൾക്ക് ഭൂമി കൊടുത്തു എന്നു പറഞ്ഞു. ആ ഭൂമി കൊള്ളുകില്ല എന്നു പറയുന്നു. അങ്ങനെ കൊള്ളുകില്ലാത്ത ഭൂമി കൊടുത്തിട്ട് അവർക്ക് ഇതുവരെ പകരം ഭൂമി കൊടുത്തിട്ടില്ല. വേറെ എവിടെയെങ്കിലും ഇതിനുവേണ്ടി സ്ഥലം എടുത്തോ? ഇല്ലെങ്കിൽ കാരണമെന്താണ് ?

ശ്രീ. കെ. കുഞ്ഞമ്പു : 139 കുടുംബത്തിന് 5 ഏക്കർ വീതം വിതരണം ചെയ്യുകയും, അവരുടെ താമസസൗകര്യത്തിനും, ആയുധവായ്പയും മറ്റുമായി രണ്ടുലക്ഷത്തിഅറുപതിനായിരം രൂപ അവർക്ക് ലോണായി കൊടുക്കുകയും ചെയ്തു. അവർ അവിടെ കൃഷി ആരംഭിക്കുകയും ചെയ്തു. ഏതാനും കൊല്ലത്തിനു ശേഷമാണ് ആ സ്ഥലം കൊള്ളുകയില്ല വേറെ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടതു്. അതുകൊണ്ടാണ് വേറെ സ്ഥലം അന്വേഷിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പൂവൻപാറ എന്ന സ്ഥലത്താണോ ഭൂമി കൊടുത്തിട്ടുള്ളതു് ; ആ സ്ഥലം മന്ത്രി നേരിട്ട് സന്ദർശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ആ സ്ഥലം നേരിട്ട സന്ദർശിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ആ സ്ഥലം മനുഷ്യവാസത്തിനു കൊള്ളാവുന്ന സ്ഥലമാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : കുറെ കൊള്ളാവുന്ന സ്ഥലങ്ങളും അക്കൂട്ടത്തിൽ കാണും.

ശ്രീ. ടി. കൃഷ്ണൻ : 139 കുടുംബങ്ങൾക്കുവേണ്ടി 4 കൊല്ലമായി റവന്യൂ ഡിപ്പാർട്ടുമെൻറിലും, ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിലും അന്വേഷിച്ചിട്ട് കിട്ടിയില്ലെന്നു പറഞ്ഞു. എന്നാൽ അമരാവതിയിൽനിന്നു കുടിയിറക്കപ്പെട്ടവർക്ക് ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം കൊടുക്കാൻ ഭൂമിയുണ്ടായിരുന്നു. കല്ലാർപട്ടം കാളനിയിലെ പാവപ്പെട്ട ആളുകൾക്കു കൊടുക്കാൻ ഭൂമിയില്ല എന്നാണോ ധരിക്കേണ്ടതു്?

ശ്രീ. കെ. കുഞ്ഞമ്പു : അമരാവതിയിൽനിന്നു് ആരേയും ഇറക്കിവിട്ടിട്ടില്ല. അമരാവതിയിൽ മറ്റു സ്ഥലത്തുനിന്നു് ഇറക്കിയവരെ കുടിയിരുത്തുകയാണു് ചെയ്തതു്.

വില്ലേജ് ഹൗസിംഗ് പ്രോജക്റ്റുകൾ

* 95. [12] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഹൗസിംഗ് പ്രോജക്റ്റുകൾ മൂന്നാം പദ്ധതിക്കാലത്തു് എത്ര സ്ഥലത്തു് ആരംഭിച്ചു ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട് ;

(സി) അടുത്ത വർഷം തൃശ്ശൂർ ജില്ലയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റിന്റെ സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞുവോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 28 സ്ഥലത്തു്.

(ബി) മായന്നൂർ, പഴയന്നൂർ ബ്ലോക്കുകളിലും ആനക്കര, മുല്ലശ്ശേരി ബ്ലോക്കുകളിലും.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ആൻറണി : ലോൺ വാങ്ങുന്നതിന് ചില സാങ്കേതികമായ തടസ്സമുള്ളതുകൊണ്ട് ആളുകൾ ലോൺ വാങ്ങുവാൻ മുന്നോട്ട് വരാതെയിരിക്കുകയാണ്. അതുകൊണ്ട് ആ സാങ്കേതികതടസ്സം നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി ഗവണ്മെൻറ് സ്വീകരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : വില്ലേജ് ഹൗസിങ്ങിൻെറ പ്രവർത്തനങ്ങൾക്കുവേണ്ടി കൊയിലാണ്ടിയിൽ ലൈസോൺകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഇത്തരം നൃനതകൾ പൂണ്ടിക്കാണിച്ചിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

Ad-hoc Grant

* 96 [13] **Shri P. Madhavan** : Will the Chief Minister be pleased to state :

(a) which are the private Colleges which did not get the ad-hoc grant last March;

(b) what steps have the Government taken to see that the Colleges which have received grant, have paid the full arrears of salary and Dearness Allowance to teachers since 1-4-1962;

(c) why was not the advance grant for 1963-64 paid last May;

(d) how many Colleges have regularised the salaries of teachers as per the Code; and

(e) what steps do the Government intend to take to see that the teachers get their legitimate benefit under the Code?

Chief Minister (**Shri R. Sankar**) : (a) The following are the private colleges which did not get the ad-hoc grant in March 1963:

(i) C. M. S. College, Kottayam,
(ii) Mar Athanasius College, Kothamangalam,
(iii) Mount Tabor Training College, Pathanapuram,
(iv) Faroke Training College, Faroke,
(v) St. Joseph's Training College for Women, Ernakulam.
(vi) Peet Memorial Training College, Mavelikara,
(vii) Nirmala College, Muvattupuzha,
(viii) Sri Kerala Varma College, Trichur.

(b) According to rule 13 of the Grant-in-aid Code, the Managements, while submitting their applications for teaching grant, have to file a declaration to the effect that the conditions of recognition, affiliation and aid are being and will continue to be fully observed. The applications should also be accompanied by a financial statement of the previous year audited by a Chartered Accountant. From the audited statements, it can be found whether the teachers were not being paid their full salary and D. A. Further, according to rule 5 of the Grant-in-aid Code, the accounts and registers of the private colleges are open to inspection and audit by officers deputed by the Government, the Director of Collegiate Education or the Accountant General. Such inspection or audit will also enable Government to check whether the teachers are being paid their salary and D. A.

*Put by Shri Maleth Gopinatha Pillai.

LIBRARY ARCHIVES Kerala Legislative Assembly